©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2026 ഫെബ്രുവരി 10
10th February 2026
1201 മകരം 27
27th Makaram 1201
1947 മാഘം 21
21st Magha 1947

നമ്പർ
No.
579

കേരള സർക്കാർ

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

വിജ്ഞാപനം

സ.ഉ.(കൈ.) നമ്പർ 6/2026/തൊഴിൽ

തിരുവനന്തപുരം, 09 ഫെബ്രുവരി 2026
1201 മകരം 26.

എസ്. ആർ. ഒ. നമ്പർ 179/2026

1978-ലെ കേരള ചുമട്ടു തൊഴിലാളി ആക്റ്റ് (1980-ലെ 20) 16-ഉം 19-ഉം 43-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഡി) ഖണ്ഡവും പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, 2002 ആഗസ്റ്റ് 14-ാം തീയതിയിലെ സ.ഉ.(കൈ) നമ്പർ 56/2002/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചതും 2002 ആഗസ്റ്റ് 29-ാം തീയതിയിലെ 1266-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 677/2002 ആയി പ്രസിദ്ധപ്പെടുത്തിയതുമായ കേരള ചുമട്ടു

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ചട്ടങ്ങൾ, 2002 വീണ്ടും ഭേദഗതി ചെയ്യുന്നതിന് കേരള സർക്കാർ, ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :—

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.— (1) ഈ ചട്ടങ്ങൾക്ക് 2026-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 2, ഉപചട്ടം (2) പ്രകാരമുള്ള ഭേദഗതി 2014 ജൂലൈ 1 മുതലും, ഉപചട്ടം (3), ഇനം (i) പ്രകാരമുള്ള ഭേദഗതി 2018 ആഗസ്റ്റ് 1 മുതലും പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

(3) മറ്റ് ഭേദഗതികൾ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.— 2002-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ചട്ടങ്ങളിൽ,—

(1) ചട്ടം 6, ഉപചട്ടം (1)-ൽ,—

(i) വിഭാഗം (സി), ഇനം (i)-ൽ "ഡ്രൈവർ" എന്ന ഉൾക്കുറിപ്പിന് പകരം "ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ)" എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്;

(ii) ഇനം (iii)-ൽ "പ്യൂൺ" എന്ന ഉൾക്കുറിപ്പിന് പകരം "ഓഫീസ് അറ്റൻഡന്റ്" എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്;

(2) ചട്ടം 63-ൽ, "15 മാസത്തെ ശമ്പളം എന്ന പരമാവധിക്ക് വിധേയമായി" എന്ന അക്കത്തിനും വാക്കുകൾക്കും പകരം, "15 മാസത്തെ ശമ്പളം, 2014 ജൂലൈ 1 മുതൽ പരമാവധി 14 ലക്ഷം രൂപയ്ക്കും, കാലാകാലങ്ങളിൽ, സർക്കാർ നിശ്ചയിക്കുന്ന ഉയർന്ന പരിധിയ്ക്കും വിധേയമായി" എന്ന അക്കങ്ങളും വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്;

(3) അനുബന്ധത്തിൽ,—

(എ) (1)-ാം കോളത്തിലെ (ബി) വിഭാഗത്തിൽ, (2)-ാം കോളത്തിലെ "ഉദ്യോഗപ്പേര്" എന്ന ശീർഷകത്തിൻ കീഴിൽ, "(8) ലോവർ ഡിവിഷൻ ക്ലാർക്ക്" എന്ന ഉൾക്കുറിപ്പിന് നേരെ,—

(i) (3)-ാം കോളത്തിലെ (സി) ഉൾക്കുറിപ്പിനു ശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം (3)-ഉം (4)-ഉം കോളങ്ങളിൽ ചേർക്കേണ്ടതാണ്, അതായത് :—

"(ഡി)	(സി) വിഭാഗത്തിലെ അറ്റൻഡർ, റോണിയോ ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം	(1) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മുഖേനയുള്ള നിയമനം.	(2) ബോർഡിന്റെ സ്ഥിരം സർവ്വീസിൽ 10 വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിയിരിക്കണം. (3) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.”;

(ii) നിലവിലുള്ള കുറിപ്പ് 1-നു പകരം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“1. എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന 5% ഒഴിവുകൾ ബോർഡിൽ സർവ്വീസിലിരിക്കുന്ന (സി) വിഭാഗത്തിലെ എസ്.എസ്.എൽ.സി. യോഗ്യതയുള്ള ജീവനക്കാർക്ക് (ബി) ഇനം അനുസരിച്ചുള്ള നിയമനത്തിനായി നീക്കിവയ്ക്കേണ്ടതാണ്. ഇപ്രകാരമുള്ള നിയമനത്തിന്, നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയും യോഗ്യതയും ബാധകമല്ല. ഇതിലേയ്ക്കായി പി.എസ്.സി. നടത്തുന്ന യോഗ്യതാനിർണ്ണയ പരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് വാങ്ങി വിജയിച്ചിരിക്കണം. ഇപ്രകാരം തസ്തികമാറ്റം മുഖേന നിയമിക്കപ്പെടുന്നവർക്കു മാത്രമായി ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റിലെ സീനിയോരിറ്റി മുറയ്ക്ക് 11, 31, 51, 71, 91 എന്ന ക്രമത്തിലെ ഒഴിവുകളിൽ നിയമനം നടത്താവുന്നതുമാണ്. ”;

(iii) നിലവിലുള്ള കുറിപ്പ് 3-നു പകരം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“3. എൽ.ഡി. ക്ലാർക്ക് തസ്തികയിൽ ഉണ്ടാകുന്ന 5% ഒഴിവുകൾ ബോർഡിൽ സർവ്വീസിലിരിക്കുന്ന (സി) വിഭാഗത്തിലെ ബിരുദം യോഗ്യതയുള്ള ജീവനക്കാർക്ക് (സി) ഇനം അനുസരിച്ചുള്ള നിയമനത്തിനായി നീക്കിവയ്ക്കേണ്ടതാണ്. ഇപ്രകാരമുള്ള നിയമനത്തിന്, നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി ബാധകമല്ല. 5, 25, 45, 65, 85 എന്ന ക്രമത്തിലുള്ള ഒഴിവുകളിൽ ഇപ്രകാരം നിയമനം നടത്താവുന്നതാണ്. എന്നാൽ, ഇത്തരത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ജീവനക്കാരില്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്.”;

(iv) അപ്രകാരം പകരം ചേർത്ത കുറിപ്പ് 3-ന് ശേഷം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

“4. എൽ.ഡി. ക്ലാർക്ക് തസ്തികയിലെ 5% ഒഴിവുകളിലേയ്ക്ക് (ഡി) ഇനം അനുസരിച്ച് നിയമനം നടത്താവുന്നതാണ്. ഇപ്രകാരത്തിലുള്ള നിയമനത്തിന് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി ബാധകമല്ല. 20, 40, 60, 80, 100 എന്ന ക്രമത്തിലുള്ള ഒഴിവുകളിൽ ഇപ്രകാരം നിയമനം നടത്താവുന്നതാണ്. എന്നാൽ, ഇത്തരത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥരില്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്.”;

(ബി) (1)-ാം കോളത്തിലെ (ബി) വിഭാഗത്തിൽ (2)-ാം കോളത്തിലെ “ഉദ്യോഗപ്പേര്” എന്ന ശീർഷകത്തിൻ കീഴിൽ, "(9) ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്” എന്ന ഉൾക്കുറിപ്പിന് നേരെ,—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) (3)-ാം കോളത്തിലെ (ബി) ഉൾക്കുറിപ്പിന് ശേഷം താഴെപ്പറയുന്ന ഉൾക്കുറിപ്പുകൾ യഥാക്രമം (3)-ഉം (4)-ഉം കോളങ്ങളിൽ ചേർക്കേണ്ടതാണ്, അതായത്.-

"(സി) (സി) വിഭാഗത്തിലെ അറ്റൻഡർ, റോണിയോ ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയുള്ള നിയമനം.	(1) ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയിരിക്കണം. (2) ബോർഡിന്റെ സ്ഥിരം സർവ്വീസിൽ 4 വർഷത്തിൽ കുറയാത്ത സേവനം പൂർത്തിയാക്കിയിരിക്കണം. (3) എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. (4) ടൈപ്പ് റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ) കെ.ജി.റ്റി.ഇ. / എം.ജി.റ്റി.ഇ. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത. 5) ടൈപ്പ് റൈറ്റിംഗ് മലയാളം (ലോവർ) കെ.ജി.റ്റി.ഇ. അഭിലഷണീയം: കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്നതിൽ അടിസ്ഥാന പരിജ്ഞാനം.";

(ii) നിലവിലുള്ള കുറിപ്പിനു പകരം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"1. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉണ്ടാകുന്ന 5% ഒഴിവുകൾ ബോർഡിൽ സർവ്വീസിലിരിക്കുന്ന (സി) വിഭാഗത്തിലെ എസ്.എസ്.എൽ.സി. യോഗ്യതയുള്ള ജീവനക്കാർക്ക് (ബി) ഇനം അനുസരിച്ചുള്ള നിയമനത്തിനായി നീക്കിവയ്ക്കേണ്ടതാണ്. ഇപ്രകാരമുള്ള നിയമനത്തിന്, നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയും യോഗ്യതയും ബാധകമല്ല. ഇതിലേയ്ക്കായി പി.എസ്.സി. നടത്തുന്ന യോഗ്യതാനിർണ്ണയ പരീക്ഷയിൽ കുറഞ്ഞത് 40% മാർക്ക് വാങ്ങി വിജയിച്ചിരിക്കണം. ഇപ്രകാരം തസ്തികമാറ്റം മുഖേന നിയമിക്കപ്പെടുന്നവർക്കു മാത്രമായി ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതും ലിസ്റ്റിലെ സീനിയോരിറ്റി മുറയ്ക്ക് 11, 31, 51, 71, 91 എന്ന ക്രമത്തിലെ ഒഴിവുകളിൽ നിയമനം നടത്താവുന്നതുമാണ്.";

(iii) അപ്രകാരം പകരം ചേർത്ത കുറിപ്പ് 1-ന് ശേഷം താഴെപ്പറയുന്ന കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"2. എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിലേയ്ക്കാണ് (സി) ഇനം അനുസരിച്ചുള്ള നിയമനം നടത്തേണ്ടത്. പ്രൊമോഷൻ വഴിയോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാകുന്ന ഒഴിവുകളിലേക്കു മാത്രമേ ഇപ്രകാരത്തിലുള്ള തുടർ നിയമനം നടത്താൻപാടുള്ളു. ഇപ്രകാരത്തിലുള്ള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നിയമനത്തിന് നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായപരിധി ബാധകമല്ല. 10, 20, 30, 40, 50, 60, 70, 80, 90, 100 എന്ന ക്രമത്തിലുള്ള ഒഴിവുകളിൽ ഇപ്രകാരം നിയമനം നടത്താവുന്നതാണ്. എന്നാൽ, ഇത്തരത്തിൽ നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗസ്ഥരില്ലാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനം വഴി നികത്താവുന്നതാണ്.";

(സി) (1)-ാം കോളത്തിലെ (സി) വിഭാഗത്തിൽ, (2)-ാം കോളത്തിലെ "ഉദ്യോഗപ്പേര്" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) "(1) ഡ്രൈവർ (എൽ.ഡി.വി.)" എന്ന ഉൾക്കുറിപ്പിന് പകരം "(1) ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ)" എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്. ;

(ii) (4)-ാം കോളത്തിലെ (1)-ാം ഉൾക്കുറിപ്പിന് പകരം താഴെ പറയുന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(1) ഏഴാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം.";

(iii) നിലവിലുള്ള കുറിപ്പ് " 1. " എന്ന് അക്കമിടേണ്ടതും അപ്രകാരം അക്കമിട്ട കുറിപ്പിന് ശേഷം താഴെ പറയുന്ന കുറിപ്പ് ചേർക്കേണ്ടതുമാണ്, അതായത് :—

"2. മെഡിക്കൽ ഫിറ്റ്നസ് തെളിയിക്കുന്നതിന് അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം.";

(ഡി) (1)-ാം കോളത്തിലെ (സി) വിഭാഗത്തിൽ, (2)-ാം കോളത്തിലെ "ഉദ്യോഗപ്പേര്" എന്ന ശീർഷകത്തിൻ കീഴിൽ,—

(i) "(4) പ്യൂൺ" എന്ന ഉൾക്കുറിപ്പിന് പകരം "(4) ഓഫീസ് അറ്റൻഡന്റ്" എന്ന ഉൾക്കുറിപ്പ് ചേർക്കേണ്ടതാണ്. ;

(ii) (4)-ാം കോളത്തിലെ 2-ാം നമ്പർ ഉൾക്കുറിപ്പ് ഒഴിവാക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഷാനവാസ് എസ്.,

ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ (സി) വിഭാഗം ജീവനക്കാരിൽ നിന്നും എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേയ്ക്ക് തസ്തികമാറ്റ നിയമനത്തിനുള്ള നിലവിലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തുന്നതിനും ചില വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തുന്നതിനും, ബോർഡിലെ “ഡ്രൈവർ”, “പ്യൂൺ” എന്നീ തസ്തികകൾ യഥാക്രമം "ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (ലൈറ്റ് മോട്ടോർ വെഹിക്കിൾ)", “ഓഫീസ് അറ്റൻഡന്റ്” എന്നിങ്ങനെ പുനർനാമകരണം ചെയ്യുന്നതിനും, ബോർഡിന്റെ സേവനത്തിൽ നിന്നും 2018 മാർച്ച് 29-നു ശേഷം വിരമിച്ച ജീവനക്കാരുടെ ഗ്രാറ്റുവിറ്റി തുകയുടെ പരമാവധി പരിധി 10 ലക്ഷത്തിൽ നിന്നും 14 ലക്ഷമായി ഉയർത്തുന്നതിനുമായി 2002-ലെ കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്റ്റാഫ് (നിയമനവും സേവന വ്യവസ്ഥകളും, പെരുമാറ്റവും, അച്ചടക്കവും) ചട്ടങ്ങൾ ഉചിതമായി ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.10 07:21:54 +05:30